(ബി) ടി സംവിധാനം തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്.

(സി) കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾ മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരുന്നതിനായി ആരംഭിച്ച വിവര സാങ്കേതിക വിദ്യാ സഹായ പരിപാടികളായ Crime Criminal Tracking Network System (CCTNS) & Security Alert System (SAS) എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകൾ

204 (1909) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച കേസുകൾ, പത്തുവയസ്സിന് താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച കേസുകൾ, കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച കേസുകൾ, കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലയങ്ങളിലും നടന്ന പീഡനം എന്നിവ ഓരോന്നിലും എത്ര വീതം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവ ഓരോന്നിലും അന്വേഷണം പൂർത്തിയായവ അന്വേഷണം പൂർത്തിയാക്കാൻ ബാക്കിയുള്ളവ, കുറ്റപത്രം കോടതിയിൽ സമർപ്പിക്കപ്പെട്ടവ ഇവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോ ഇനം കേസ്സിലും അറസ്റ്റ് ചെയ്യപ്പെട്ട പ്രതികൾ, റിമാന്റ് ചെയ്യപ്പെട്ടവർ, ജാമ്യത്തിൽ വിട്ടയയ്ക്കപ്പെട്ടവർ, ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവർ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച 4530 കേസുകളും പത്ത് വയസിന് താഴെയുള്ള കുട്ടികളെ പീഡിപ്പിച്ച 816 കേസുകളും കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ച 3954 കേസുകളും കുട്ടികൾക്കെതിരെ വീടുകളിലും വിദ്യാലയങ്ങളിലും നടന്ന പീഡനം സംബന്ധിച്ച് 1657 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly